**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 455** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിയിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.നിലവിൽ 941 ഗ്രാമപഞ്ചായത്തുകളിലും ILGMS സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള Citizen portal മുഖാന്തിരം സേവനങ്ങൾ ഓൺലൈനായി നൽകുന്ന സംവിധാനം ഗ്രാമ പഞ്ചായത്തുകളിൽ നിലവിലുണ്ട്.നഗരസഭകളിലും Citizen portal സേവനം ലഭ്യമാണ്. നഗരസഭകളിൽ സേവനങ്ങൾ പൂർണ്ണമായും **ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായുള്ള സോഫ്റ്റ് വെയർ സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ Information Kerala Mission-ൽ പുരോഗമിച്ചുവരുന്നു.** |
| (ബി) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സോഫ്റ്റ്‌വെയർ ഏകീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഏകീകൃതരൂപത്തിൽ ILGMS സോഫ്റ്റ് വെയറുകൾ വിന്യസിച്ചിട്ടുണ്ട്. നഗരസഭകളിൽ നിന്നും നൽകി വരുന്ന സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ട് വരുക എന്ന ലക്ഷ്യത്തോടെ ഐ കെ എം ന്റെ സഹായത്തോടെ " കെ സ്മാർട്ട് " സംവിധാനം സമയബന്ധിതമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.** |
| (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഏകീകരണത്തിന് ശേഷം ജീവനക്കാരുടെ പുനർവിന്യാസം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ കണ്ടിജന്റ് ജീവനക്കാർ ഒഴികെ ആകെ 30199 ജീവനക്കാർ നിലവിലുണ്ട്.<br><br>ഏകീകൃത സർവ്വീസിന്റെ ആസ്ഥാന ഓഫീസായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജില്ലാതല ഓഫീസായ ജില്ലാ ജോയിന്റ് ഡയറക്ടറേറ്റുകളുടെ ക്രമീകരണവും ഉദ്യോഗസ്ഥ വിന്യാസവും സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ